# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4071 26.06.2013 - ൽ മറുപടിക്ക്

## കുടിവെള്ളം കുപ്പികളിലാക്കി വിതരണം ചെയ്യുന്നതിന് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന സംരംഭങ്ങൾ തുടങ്ങുന്ന സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) കുടിവെള്ളം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന സംരംഭങ്ങൾ തുടങ്ങുന്ന സ്വകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ഭൂജല അതോറിറ്റിയുടെ "എൻ.ഒ.സി" ആവശ്യമാണ്. ഇതിനായി ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷകളിന്മേൽ വിശദമായ പഠനങ്ങൾ നടത്തി ശുപാർശകൾ കളക്ടർ ചെയർമാനായ ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഈ കമ്മിറ്റിയിൽ മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര ഭൂജല ബോർഡ്, വ്യവസായ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിനിധികൾ അംഗങ്ങളാണ്. ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസറാണ് ഈ കമ്മിറ്റിയുടെ കൺവീനർ. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റിയാണ് എൻ.ഒ.സി നൽകുന്നത്. |
| (സി) സർക്കാർ മേഖലയിലും ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; കൂടുതൽ മെച്ചപ്പെട്ട ജലം കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് ബോട്ടി ലുകളിലാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) സർക്കാർ മേഖലയിൽ കേരള വാട്ടർ അതോറിറ്റി കേരളത്തിൽ പല സ്ഥലങ്ങളിലും കുപ്പിവെള്ള യൂണിറ്റുകൾ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനു വേണ്ടി പ്രാരംഭ നടപടിയായി അരുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനു |

......................2

വേണ്ടി 5 തവണ ടെണ്ടർ ചെയ്തുവെങ്കിലും പല കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിച്ചില്ല (ഒരു തവണ സിംഗിൾ ടെണ്ടർ ആയതിനാൽ ക്യാൻസൽ ചെയ്തു. ഒരു തവണ വർക്ക് ഓർഡർ കൊടുത്തെങ്കിലും കരാറുകാരൻ പണി തുടങ്ങിയെങ്കിലും പുരോഗതി ഇല്ലാത്തതിനാൽ ക്യാൻസൽ ചെയ്യേണ്ടി വന്നു. രണ്ട് തവണ ടെണ്ടർ ഡിഫക്ടീവ് ആയതിനാൽ ക്യാൻസൽ ചെയ്തു. ഒരു തവണ കരാറുകാരൻ ക്വോട്ട് ചെയ്ത തുക വളരെ കൂടുതലായതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്തു). ഇപ്പോൾ ഇതിന്റെ എസ്റ്റിമേറ്റ് നിലവിലുളള ടെക്നിക്കൽ അഡ്വാൻസ്മെന്റ്സ് കൂടി കണക്കിലെടുത്ത് പുതുക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) സ്വകാര്യ കുടിവെള്ള കമ്പനികൾക്ക് ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) സ്വകാര്യ കുടിവെള്ള കമ്പനികൾക്ക് ഏതെങ്കിലും വിധത്തിലുളള ആനുകൂല്യങ്ങൾ ജലവിഭവ വകുപ്പിൽ നിന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ